**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6527** **11-07-2024 - ൽ മറുപടിയ്ക്ക്**

**തൃപ്പൂണിത്തുറ ബൈപ്പാസ് സ്ഥലം ഏറ്റെടുക്കൽ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | തൃപ്പൂണിത്തുറ ബൈപ്പാസ് നിർമ്മാണത്തിന്റെ സ്ഥലം ഏറ്റെടുക്കൽ നടപടികൾ അന്തിമ തീരുമാനത്തിലേക്ക് എത്തിക്കുന്നതിനായി കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിന് സംസ്ഥാന സർക്കാർ അയച്ച കത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (എ) | തൃപ്പൂണിത്തുറ ബൈപ്പാസ് നിർമ്മാണത്തിന്റെ സ്ഥലം ഏറ്റെടുക്കൽ നടപടികൾ അന്തിമ തീരുമാനത്തിലേക്ക് എത്തിക്കുന്നതിനായി കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിന് സംസ്ഥാന സർക്കാർ അയച്ച കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഭൂമി ഏറ്റെടുക്കുന്നതിനായി സംസ്ഥാന സർക്കാർ ഫണ്ട് വിനിയോഗിക്കണമെന്ന കേന്ദ്ര നിർദേശം നടപ്പിലാക്കാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ; | (ബി) | മധുര-കൊച്ചി ദേശീയപാത 85-ൽ തിരുവാങ്കുളം മറ്റക്കുഴിയിൽ നിന്നും ആരംഭിച്ച് തൃപ്പൂണിത്തുറ മിനി ബൈപ്പാസ് ജംഗ്ഷനിൽ അവസാനിക്കുന്ന തൃപ്പൂണിത്തുറ ബൈപ്പാസിന് രണ്ടു ഘട്ടമായി ആകെ 34.05 ഹെക്ടർ സ്ഥലം ആയിരുന്നു ഏറ്റെടുക്കേണ്ടിയിരുന്നത്. ആദ്യ ഘട്ടത്തിലെ മറ്റക്കുഴി മുതൽ തിരുവാങ്കുളം റെയിൽവേ ലൈൻ വരെ ഏറ്റെടുക്കേണ്ട 16.172 ഹെക്ടർ സ്ഥലത്തിൽ 4.4312 ഹെക്ടർ സ്ഥലം ഏറ്റെടുത്തിട്ടുണ്ട്. ഭൂമി ഏറ്റെടുക്കലിന് original sanctioned estimate 6.57 കോടി രൂപയും revised estimate 558.82 കോടി രൂപയും ആയിരുന്നു. തൃപ്പൂണിത്തുറ ബൈപ്പാസ് നിർമ്മാണത്തിനായി Land Acquisition Cost അനുവദിക്കുന്നതിനുള്ള revised estimate കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിൽ സമർപ്പിച്ചിരുന്നെങ്കിലും ഈ Cost സംസ്ഥാന ഗവണ്മെന്റ് വഹിച്ചാൽ മാത്രമേ തൃപ്പൂണിത്തുറ ബൈപ്പാസ് പ്രോജക്റ്റിനായുള്ള തുടർ നടപടികൾ സ്വീകരിക്കുകയുള്ളൂ എന്ന മറുപടി കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിൽ നിന്നും ലഭിക്കുകയുണ്ടായി.<br><br>കേന്ദ്രഉപരിതല ഗതാഗത വകുപ്പിന്റെ പദ്ധതിക്ക് ഭൂമി ഏറ്റെടുക്കുന്നതിന് നിലവിൽ തുക അനുവദിക്കാത്ത സാഹചര്യത്തിൽ പദ്ധതിയുടെ ഭാവി സംബന്ധിച്ച് തീരുമാനമെടുക്കുന്നതിനായി കേന്ദ്രഉപരിതല ഗതാഗത വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത ഭൂമി ഏറ്റെടുപ്പ് നടപടികളുടെ കാര്യത്തിലെ നിലപാട് വ്യക്തമാക്കാമോ; | (സി) | (ബി) പിരിവിന്റെ അതേ മറുപടി. |
| (ഡി) | മാർക്ക് ചെയ്ത ഭാഗത്തെ ഭൂമി ഏറ്റെടുത്തുകൊണ്ട് മറ്റേതെങ്കിലും ബദൽ പ്രോജക്ടിന്റെ സാധ്യത പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | (ബി) പിരിവിന്റെ അതേ മറുപടി. |

സെക്ഷൻ ഓഫീസർ

**BIJU K. IAS**
**Secretary to Government**

**Public Works, Tourism Department**
**Room No. 302, Annexe-II, 3rd Floor**
**Government Secretariat**
**Thiruvananthapuram-695 001**
Phone { Office : 0471-2518010
0471-2328822
E-mail : prlsecy.tsm@kerala.gov.in
secy.pwd@kerala.gov.in

Date Dated: 16-02-2024..............

**D.O.Lr .No.D3/992/2017-PWD**

Dear ....Sir,...............,

The Thripunithura bypass in the State of Kerala starts from Mattakuzhi in NH 85 (Old NH 49) and ends at Thripunithura Mini Bypass (Near Gandhi Square) in NH 85 is having a total length of 8.23km. The Land acquisition was started in two phases as per alignment approved by Ministry. Original land acquisition estimate of Rs.6.57 crore was sanctioned by the Ministry and LA procedure was started. As per the alignment of Phase I,4.4312 hectares of land was acquired out of 16.1724 hectares. Due to exorbitant increase in land cost, revised estimate was submitted to Ministry for approval. Vide letter No.RW/NH-12018/324/2008-KL(P7) dated 04.12.2017, it was intimated that the Ministry of Road Transport & Highways was not in a position to bear such huge extra cost of about Rs.550 crore towards Land Acquisition Costs and suggested that Kerala Government should bear the land acquisition cost to take up this bypass project.

It is to be noted that the project had been initiated by the Ministry. Hence Government of Kerala is not in a position to bear the

cost of land acquisition for this project. Several complaints have been received from local people as they cannot do transactions of their lands, cannot avail loans from financial institutions and cannot renovate their damaged houses in the marked land. Had the NH 85 been realigned, the marked land could have been acquired and utilised. But the National Highway Authority ruled out the same, citing some pragmatic difficulties. In a meeting of all stakeholders, the Chief Secretary decided to intimate MoRTH regarding the current status of the project and to request MoRTH for a decision about the future of the project.

Hence I am to request you bestow your personal attention in the matter considering the present status of the project and provide a decision for a way forward in this matter.

With warm regards,

Yours Sincerely,

**K BIJU IAS**

**Shri. Anurag Jain**
**Secretary (Ministry of Road Transport & Highways)**
Transport Bhavan, No.1 Parliament Street
New Delhi-110001